(ഡി) സംസ്ഥാനത്തെ 8 ജില്ലകളെയാണ് രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ എറണാകുളം ഉൾപ്പെടുന്നില്ല.

കേരള വാട്ടർ അതോറിറ്റിയുടെ ഇ.പി.ആർ. പദ്ധതി

131 (6836) ശ്രീ. കോവിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇ.പി.ആർ. പദ്ധതിക്ക് ടെണ്ടർ വിളിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് വിളിച്ചുവെന്നറിയിക്കുമോ ;

(ബി) ടെണ്ടർ ഡോക്യുമെന്റിൽ ഏതെങ്കിലും ഘട്ടത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ഏതെല്ലാം സാഹചര്യങ്ങളിൽ എന്തെല്ലാം കാര്യങ്ങളിൽ എന്ന് വിശദമാക്കുമോ ;

(സി) പദ്ധതിക്ക് ഓപ്പൺസോഴ്സ് സോഫ്റ്റ്വെയർ പാടില്ലെന്ന് തീരുമാനിച്ചത് ഏതുതലത്തിലാണ് ; അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഏതെങ്കിലും ആഗോളകമ്പനിയുടെ ഡാറ്റാബേസ് മാത്രം ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കിയാൽ മതിയെന്ന് തീരുമാനിച്ചത് എന്തുകൊണ്ടാണ് ; ഇത് സി.വി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നറിയാമോ ; ഇതുവഴി സർക്കാരിനും വാട്ടർ അതോറിറ്റിക്കും ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത ടെണ്ടർ നടപടിയെക്കുറിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) പ്രസ്തുത ടെണ്ടറിൽ എത്ര കമ്പനികൾ പങ്കെടുക്കുകയുണ്ടായി ; കാളിഫൈ ചെയ്ത കമ്പനികൾ ഏതൊക്കെയാണ് ; ഓപ്പൺ സോഴ്സ് കമ്പനികൾ എത്രയുണ്ട് ; വ്യക്തമാക്കുമോ ;

(ജി) ടെണ്ടർ ഇവാല്യൂവേഷൻ നടത്തിയത് എപ്രകാരമാണ് ; സെലക്ട് ചെയ്യപ്പെട്ട കമ്പനി ഏതാണ് ; കോട്ട് ചെയ്യപ്പെട്ട തുക എത്രയാണ് ; വിശദാംശം നൽകുമോ ;

(എച്ച്) ടെണ്ടറിൽ പങ്കെടുത്ത ഓരോ കമ്പനിയും കോട്ട് ചെയ്ത തുക എത്ര വീതമായിരുന്നുവെന്നറിയിക്കുമോ ;

(ഐ) ടെണ്ടർ നടപടി ക്രമങ്ങളിലുണ്ടായതായി പറയപ്പെടുന്ന തിരിമറികളെ സംബന്ധിച്ച് അന്വേഷിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇ.പി.ആർ. പദ്ധതിക്ക് 9-12-2013-ൽ ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ നടപടിക്രമങ്ങളിൽ ഉൾപ്പെട്ട പ്രീ ബിഡ് മീറ്റിംഗിൽ വന്ന നിർദ്ദേശങ്ങളിൽ സ്വീകാര്യമായവ കൂട്ടിച്ചേർത്ത് പ്രസിദ്ധീകരിച്ചതിന് ശേഷമാണ് ടെണ്ടറുകൾ സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്ക് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ പാടില്ലെന്ന തീരുമാനം എടുത്തിട്ടില്ല.

(ഡി) ഏതെങ്കിലും ആഗോള കമ്പനിയുടെ ഡാറ്റാ ബേസ് മാത്രം ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കണമെന്ന് തീരുമാനിച്ചിട്ടില്ല.

(ഇ) ടെണ്ടറിൽ പങ്കെടുത്ത മൂന്നുപേരിൽ നിന്നും ബിഡ് സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ലഭിച്ചിരുന്നുവെങ്കിലും പരിശോധനയിൽ അവ നിലനിൽപ്പുള്ളതായി കണ്ടെത്തിയിട്ടില്ല.

(എഫ്) പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത ഏഴ് കമ്പനികളുടെ വിശദവിവരങ്ങൾ താഴെചേർക്കുന്നു :

ക്രമ നമ്പർ		കമ്പനി
1	M/s.Wipro	SAP+Sybase
2	M/s.L&T	SAP+Sybase
3	M/s KPIT	Oracle+Oracle
4	M/s Bhawan Cyber Tek	Oracle+Oracle
5	M/s.CMC Ltd.	SAP+Sybase
6	M/s.SRIT	Open source+Oracle
7	M/s. Yash Technologies	SAP+Sybase

തെരഞ്ഞെടുപ്പിൽ M/s.SRIT ഓപ്പൺ സോഴ്സിലുള്ള ഇ.പി.ആർ. സോഫ്റ്റ്വെയർ ആണ് കാട്ടി ചെയ്തത്. ടെണ്ടർ ഇവാല്വേഷനുശേഷം താഴെപ്പറയുന്ന 4 കമ്പനികളാണ് പ്രൈസ്ബിഡ് തുറക്കുന്നതിനുള്ള യോഗ്യത നേടിയത്.

1. M/s Bhawan Cyber Tek
2. M/s.L&T
3. M/s.Wipro
4. M/s KPIT

യോഗ്യത നേടിയവരിൽ ഓപ്പൺ സോഴ്സ് കമ്പനികൾ ഉണ്ടായിരുന്നില്ല.

(ജി) ടെണ്ടർ ഇവാല്വേഷൻ നടത്തിയത് ജൈക്ക പദ്ധതികളുടെ നടത്തിപ്പിനായി നിയമിച്ചിട്ടുള്ള ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടൻസി ആണ്. രണ്ട് ഘട്ടമായിട്ടാണ് ടെണ്ടർ ഇവാല്വേഷൻ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. ടെക്നിക്കൽ ബിഡ് ഇവാലുവേഷൻ - ലഭിച്ച ബിഡുകൾ ടെണ്ടറിൽ വ്യവസ്ഥ ചെയ്ത് മാനദണ്ഡങ്ങൾക്കനുസരിച്ചാണോ എന്ന് പരിശോധിച്ച് പൂർണ്ണമായും ടെണ്ടർ വ്യവസ്ഥകൾ പാലിച്ച കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നു.

2. ഷോട്ട് ലിസ്റ്റ് ചെയ്ത കമ്പനികളുടെ പ്രൈസ് ബിഡ് ഓപ്പൺ ചെയ്യുകയും വിശദമായി പരിശോധിക്കുകയും ചെയ്യുന്നു. ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന കമ്പനിയെയാണ് സെലക്ട് ചെയ്യുന്നത്. ഇത്തരത്തിൽ സെലക്ട് ചെയ്യപ്പെട്ട കമ്പനി M/s Bhawan Cyber Tek ആണ്. അവരുടെ കാട്ടിയ തുക 19.5 കോടി രൂപയാണ്.

(എച്ച്) പ്രൈസ് ബിഡ് തുറക്കാൻ ടെണ്ടർ വ്യവസ്ഥ പ്രകാരം അർഹത നേടിയ കമ്പനികളും അവർ കാട്ടിയ തുകയും താഴെ ചേർക്കുന്നു:

ക്രമ നമ്പർ	കമ്പനി	കാട്ടിയതുക
1	M/s Bhawan Cyber Tek	19,50,14,968
2	M/s KPIT	25,36,95,000
3	M/s.L&T	29,50,23,624
4	M/s.Wipro	20,53,25,680

(ഐ) ടെണ്ടർ നടപടിക്രമങ്ങളിൽ തിരിമറികൾ നടന്നിട്ടുള്ളതായി അറിവില്ല.

മഴവെള്ള സംഭരണികൾ

132 (6837) ശ്രീമതി കെ. കെ. രമ്യ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലക്ഷാമം നേരിടുന്നതിന് മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എല്ലാ സർക്കാർ കെട്ടിടങ്ങളോടനുബന്ധിച്ചും ചോർട്ടബിൾ മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ജലക്ഷാമം നേരിടുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ

LIBRARY ARCHIVES Kerala Legislative Assembly